നിയമിക്കാൻ ദയവുണ്ടാകുമോ? അതോടൊപ്പം അടുത്തുതന്നെ ഐ. ആർ. സി. കമ്മിറ്റി രൂപീകരിക്കാനും നടപടികയും സ്വീകരിക്കുമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: പാലക്കാട്ടെ ഡിസ്ട്രിക്ട് ലേബർ ആഫീസർക്കു വ്യവസായതർക്കപരമായ അത്ര വലിയ ബദ്ധപ്പാടൊന്നു മില്ലാത്തതുകൊണ്ട് കാർഷികരംഗത്തും അദ്ദേഹംതന്നെ മതിയാകുന്നതാണ്.

ശ്രീ. കെ. ടി. ജേക്കബ്: കോട്ടയം ഡിസ്ട്രിക്ടിലെ കൂരാലി എന്ന സ്ഥലത്ത് കർഷകത്തൊഴിലാളികയും മിനിമം വേജസ്സിനുവേണ്ടി ദീർഘ കാലമായി സമരം നടത്തിവരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അടിയന്തിരമായ നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: നോട്ടീസില്ലാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കർഷകത്തൊഴിലാളികളുടെ ഇടയിൽ കൂലിക്കൂടുതലിനു വേണ്ടിയുള്ള സമരം സർവസാധാരണമായി ഉണ്ടാകുകയാണ്. നിലവിലുള്ള ലേബർ ആഫീസർമാർതന്നെ ഈ പ്രശ്നത്തിന് അടിയന്തിര പ്രാധാന്യം നൽകി പരിഹാരം ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടികളെടുക്കാൻ നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: ആ നിർദ്ദേശം കൊടുത്തിട്ട് വളരെ ക്കാലമായി.

ശ്രീ. കെ. എം. മാണി: ഐ. ആർ. സി. എടുത്ത തീരുമാനം ഐകകണ്ഠ്യേനയുള്ളതായിരുന്നുവോ, അതോ അത് മന്ത്രിയുടെ മുൻപിൽ വച്ചെടുത്ത തീരുമാനമായിരുന്നുവോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളെപ്പറ്റി ചർച്ചചെയ്തു യോജിക്കാവുന്ന തീരുമാനങ്ങയം എടുക്കും. ഐകകണ്ഠ്യേനയാണോ എന്നു പ്രത്യേകം പറയാൻ സാധിക്കുകയില്ല. വാദപ്രതിവാദങ്ങയംക്കുശേഷം എത്തിച്ചേരുന്ന നിലവാരത്തിൽ എടുക്കുന്ന തീരുമാനമാണ്.

Shri M. M. Thomas: I am not putting Question No. 963 since Mr. Wellingdon is to answer the question as Health Minister.

പുതിയ സഹകരണ സർക്കിയം അസിസ്റ്റന്റ് രജിസ്ട്രാർമാർ

*276 [964] ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങയംക്ക് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണ തത്വം അനുസരിച്ച് പുതിയ സഹകരണ സർക്കിയം അസിസ്റ്റന്റ് രജിസ്ട്രാർമാർക്ക് എന്തെല്ലാം അധികാരങ്ങളാണ് കൊടുത്തിട്ടുള്ളത് ;

(ബി) ലിക്വിഡേഷൻ സംബന്ധിച്ച് ഏതാനും അധികാരങ്ങയം അസിസ്റ്റന്റ് രജിസ്ട്രാരൻമാർക്ക് കൊടുത്തിട്ട് കണ്ടീഷണൽ അറാച്ച് മെന്റിനുള്ള അധികാരം കൊടുക്കാതിരിക്കുന്നത് എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പ്):

(എ) സഹകരണസംഘം ആക്ററു പ്രകാരം രജിസ്ട്രാർക്കുള്ള എതാനും അധികാരങ്ങൾ അസിസ്റ്റൻറ് രജിസ്ട്രാർമാർക്ക് നൽകി. അവയുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്†.

(ബി) ലിക്വിഡേഷൻ സംബന്ധിച്ച അധികാരം അസിസ്റ്റൻറ് രജിസ്ട്രാർമാർക്ക് കൊടുത്തിട്ടില്ല. കണ്ടീഷണൽ അറാച്ച്മെൻറ് ലിക്വിഡേഷൻ വർക്കിൻെറ ഭാഗമായിരിക്കണമെന്നില്ല. ഈ അധികാരം അസിസ്റ്റൻറ് രജിസ്ട്രാർമാർക്ക് നൽകേണ്ട ആവശ്യമില്ല.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: അസിസ്റ്റൻറ് രജിസ്ട്രാർമാർക്ക് അധികാരങ്ങൾ കൊടുക്കാത്തതിനാൽ നടപടികൾ സ്വീകരിക്കാൻ കഴിയാതെ വരുന്നുവെന്നുള്ളതുകൊണ്ട് അധികാരങ്ങൾ കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സെക്ഷൻ 78 പ്രകാരമുള്ള എല്ലാ അധികാരങ്ങളും ഡെപ്യൂട്ടി രജിസ്ട്രാർമാർക്ക് ഡെലിഗേറു ചെയ്തിട്ടുണ്ട്. അസിസ്റ്റൻറ് രജിസ്ട്രാർമാർക്കു ചുരുക്കം തീരുമാനങ്ങളേ എടുക്കേണ്ടതുള്ളൂ. അതുകൊണ്ട് ഡെപ്യൂട്ടി രജിസ്ട്രാർമാർക്ക് അധികാരം നൽകിയാൽ മതിയെന്നാണ് കരുതുന്നത്. വേണമെന്നുണ്ടെങ്കിൽ അതിനെപ്പററി പരിശോധിച്ചശേഷം വേണ്ടതു ചെയ്യാം.

ശ്രീ. എം. കൃഷ്ണൻ: പ്രസിഡണ്ടിൻെറയും മററും തിരഞ്ഞെടുപ്പിന് യോഗം വിളിച്ചുകൂട്ടിയതായി കാണുന്നില്ല. ഏറ്റവും വേഗം വിളിച്ചുകൂട്ടുന്നതിനു നടപടിയെടുക്കുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ലിസ്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയശേഷമേ വിളിച്ചുകൂട്ടാൻ കഴിയുകയുള്ളൂ. രണ്ടു ദിവസത്തിനകം പ്രസിദ്ധപ്പെടുത്തും.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: അഡ്മിനിസ്ട്രേറ്റീവ് സൈഡിലുള്ളതുപോലെ ആഡിറ്റ് സൈഡിലും അസിസ്റ്റൻറ് രജിസ്ട്രാർമാരെ നിയമിക്കുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഒരു സർക്കിളിൻെറ ഹെഡ് ആണ് അസിസ്റ്റൻറ് രജിസ്ട്രാർ. ആ നിലയ്ക്ക് രണ്ടു സൈഡിനുംകൂടി ഒരു അസിസ്റ്റൻറ് രജിസ്ട്രാർ മതി എന്നാണു വിചാരിക്കുന്നത്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: ഇന്നു നിലവിലുള്ള മിക്കവാറും എല്ലാ സംഘടനകളിലുംതന്നെ പുതിയ വർഷത്തേക്കു ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത് സർക്കിൾ യൂണിയൻെറ തിരഞ്ഞെടുപ്പു നടന്നുകൊണ്ടിരിക്കുന്ന അവസരത്തിലായിരിക്കും. ഇതു നടത്തുന്നതിനു മുമ്പുള്ള സർക്കിൾ യൂണിയൻ തിരഞ്ഞെടുപ്പു നീട്ടിവയ്ക്കാൻ നിർദ്ദേശം കൊടുത്തിട്ടും, അതു മാനിക്കാതെ തിരഞ്ഞെടുപ്പു നടത്തുന്നതിനാൽ അങ്ങനെയുള്ള തിരഞ്ഞെടുപ്പുകൾ സാധുവല്ല എന്നു പ്രഖ്യാപിക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: വ്യത്യസ്തമായ കാലഘട്ടത്തിലാണ് തിരഞ്ഞെടുപ്പു നടത്തേണ്ടത്. ഇതിന് ഒന്നുകിൽ സർക്കിൾ യൂണിയൻ തിരഞ്ഞെടുപ്പു നടന്നശേഷം സംഘടനകളുടെ തിരഞ്ഞെടുപ്പു നടത്തത്തക്കവണ്ണം നിറുത്തിവയ്ക്കുക. അല്ലെങ്കിൽ സർക്കിൾ യൂണിയൻ തിരഞ്ഞെടുപ്പു നിറുത്തിവയ്ക്കുക. അത് ആലോചിക്കേണ്ട പ്രശ്നമാണ്. ചില

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly

സൊസൈറ്റികളും ഈ അവസരത്തിൽ തിരഞ്ഞെടുപ്പു നടത്തുകയുണ്ടായി എന്നതുകൊണ്ട് സർക്കിൾ യൂണിയൻ തിരഞ്ഞെടുപ്പു വീണ്ടും നടത്തുന്നതിനു ശ്രമിക്കാൻ ഗവൺമെൻറു ആഗ്രഹിക്കുന്നില്ല.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: നിലവിലുള്ള സംഘടനകളും ഡിസംബർ 31-ാം തീയതിവരെ തിരഞ്ഞെടുപ്പു നീട്ടിവയ്ക്കാൻ ഗവൺമെൻറ് നിർദ്ദേശം കൊടുത്ത സ്ഥിതിക്ക് ഇപ്പോഴും തിരഞ്ഞെടുക്കപ്പെട്ട സർക്കിൾ യൂണിയൻ പ്രതിനിധികളും ഡിസംബർ 31-ാം തീയതിക്കു ശേഷമുള്ള ഭരണവാഹികളെ പ്രതിനിധീകരിക്കുകയില്ല എന്ന സ്ഥിതി വിശേഷമില്ലേ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സൊസൈറ്റിയിൽനിന്നു പ്രാതിനിദ്ധ്യം പൊയ്പ്പോയി എന്നുള്ളതുകൊണ്ട് സർക്കിൾ യൂണിയൻ പ്രാതിനിദ്ധ്യം ഇല്ലാതായിത്തീരുമോ എന്നു പരിശോധിക്കണം. അങ്ങനെയാണെങ്കിൽ പുതിയതായി ആളുകളെ എടുക്കാൻ നടപടി സ്വീകരിക്കും. ഒരേ കാലയളവിൽത്തന്നെ സ്ഥാപനത്തിലെ മുഴുവൻ സൊസൈറ്റികളുടെയും തിരഞ്ഞെടുപ്പു നടത്താൻ സാധിക്കുമോ എന്നു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

കേഷ്യധാന്യ മൊത്തവ്യാപാരം ഫുഡ് കോർപ്പറേഷനെ ഏൽപ്പിക്കുന്നതു സംബന്ധിച്ച നടപടികൾ

* 277 [965] ശ്രീ. പി. എസ്. ശ്രീനിവാസൻ:
,, ടി. എ. മജീദ്:
,, എം. കെ. ദിവാകരൻ:
} താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേഷ്യധാന്യ മൊത്തവ്യാപാരം ഫുഡ് കോർപ്പറേഷനെ ഏൽപ്പിക്കുന്നതു സംബന്ധിച്ച നടപടികൾ എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്;

(ബി) ഇതിനകം ഏതെല്ലാം സ്ഥലങ്ങളിലെ വ്യാപാരം ഫുഡ് കോർപ്പറേഷൻ ഏറെടുത്തുകഴിഞ്ഞു ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ):

(എ) ഫുഡ് കോർപ്പറേഷനുമായി ഉണ്ടാക്കേണ്ട ഉടമ്പടി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ജില്ലാ തലസ്ഥാനങ്ങളിലുള്ള താലൂക്കുകളിലെ മൊത്ത വ്യാപാരികളെ മൊത്തക്കച്ചവടത്തിൽനിന്നു ഒഴിപ്പിക്കാതിരിക്കാൻ വല്ല കാരണവുമുണ്ടെങ്കിൽ അറിയിക്കണമെന്നു പറഞ്ഞു നോട്ടീസു നൽകുകയും ചെയ്തു.

(ബി) മുകളിൽ പറഞ്ഞ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. എ. മജീദ്: കഴിഞ്ഞ തവണ മന്ത്രി പറഞ്ഞതാണ് ഏർപ്പാടുകൾ പൂർത്തിയാക്കിക്കഴിഞ്ഞുവെന്ന്. എന്താണ് ഇത്ര താമസം?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പല ഡിപ്പാർട്ടുമെൻറിൻെറയും അംഗീകാരം ലഭിച്ചശേഷമേ നടപടി സ്വീകരിക്കാൻ പറ്റുകയുള്ളു. ഫുഡ് കോർപ്പറേഷനും ഗവൺമെൻറുമായി ഉണ്ടാകുന്ന ഇടപാടുകളിൽ, സാമ

LIBRARY ARCHIVES Kerala Legislative Assembly